# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*242 11.12.2014 ൽ മറുപടിക്ക്

## പാതകൾ ബിഎം &ബിസി ചെയ്യാൻ നടപടി

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള
" തോമസ് ഉണ്ണിയാടൻ

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ എല്ലാ പ്രധാന പാതകളും ബിഎം &ബിസി ചെയ്യുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

എ) സംസ്ഥാനത്തെ എല്ലാ പ്രധാന പാതകളും ബിഎം &ബിസി ചെയ്താണ് നിർമ്മിക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1568 കി.മീ ദേശീയപാതയിൽ എൻ.എച്ച്-220-ന്റെ കൊല്ലം ഹൈസ്ക്കൂൾ ജംഗ്ഷൻ മുതൽ കൊല്ലകടവ് (00 കി.മീ മുതൽ 53 കി.മീ) വരെയുള്ള ഭാഗം ഒഴികെ ബി.എം &ബി.സി പ്രവൃത്തികൾ നടത്തിയാണ് ഉപരിതലം മെച്ചപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി സംസ്ഥാന പാതകളും ജില്ലാ റോഡുകളും ഉൾപ്പെടെ 2600 കിലോമീറ്റർ റോഡുകളിൽ ബി.എം. &ബി. സി. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി - 1 പദ്ധതിയിൽ ഉൾപ്പെടുത്തി 1454 കിമീ ദൈർഘ്യമുള്ള 61 റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്തതും ബിഎം & ബിസി ഉപയോഗിച്ചാണ്. കെ.എസ്.ടി.പി - 2 പദ്ധതിയിൽ 363 കിമീ ദൈർഘ്യമുള്ള 6 റോഡുകൾ 9 പാക്കേജുകളി ലായി ബിഎം

&ബിസി ഉപയോഗിച്ച് വികസിപ്പിച്ചു വരുന്നു. കൂടാതെ കേരളാ റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കിവരുന്ന നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ എല്ലാം ബിഎം &ബിസി ഉപ യോഗിച്ചാണ് മെച്ചപ്പെടുത്തുന്നത്.

| | |
|---|---|
| ബി) വാഹനപ്പെരുപ്പം കണക്കിലെടുത്ത് പ്രധാന സംസ്ഥാന-ജില്ലാ റോഡുകൾ പരമാവധി വീതികൂട്ടി ടാറിംഗ് പൂർത്തീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; | ബി) വാഹനപ്പെരുപ്പം കണക്കിലെടുത്ത് പ്രധാന സംസ്ഥാന-ജില്ലാ റോഡുകൾ ഭൂമിയുടെ ലഭ്യതയനുസരിച്ച് പരമാവധി വീതികൂട്ടിയാണ് ടാറിംഗ് നടത്തുന്നത് . |
| സി) സംസ്ഥാന-ജില്ലാ റോഡുകളിൽ പ്രധാന ജംഗ്ഷനുകളിലെല്ലാം വൃത്തിയുള്ള ടോയിലെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി) സംസ്ഥാന-ജില്ലാ റോഡുകളിൽ പ്രധാന ജംഗ്ഷനുകളിലെല്ലാം വൃത്തിയുള്ള ടോയിലെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി ആശ്വാസ് പബ്ലിക് അമിനിറ്റീസ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ടോയിലറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണ ശാല, മെമന്റോ ഷോപ്പ്, വിശ്രമസൗകര്യം, ബാങ്ക് എ.റ്റി.എം, ലോക്കർ, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർ ഫീയോട് കൂടി സ്വയംപര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ